(ഇ) പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുവാൻ കരാറുകാരനെ നിർബന്ധിതമാക്കുന്ന പ്രധാന വ്യവസ്ഥ കാലതാമസം വരുത്തിയാലുള്ള പിഴയാണ് (ലിക്വിഡേറ്റഡ് ഡാമേജസ്), ഇതു കൂടാതെ പണികൾ നടക്കുമ്പോൾ ബന്ധപ്പെട്ട എല്ലാ ഏജൻസികളുടെയും യോജിച്ച പ്രവർത്തനത്തിലൂടെയും, ദിവസേനയും ആഴ്ചതോറുമുള്ള അവലോകനയോഗങ്ങളിലൂടെയും പണികൾ യഥാസമയം പൂർത്തിയാക്കുവാൻ ശ്രമിക്കാറുണ്ട്.

(എഫ്) പള്ളിവാസൽ, പന്നിയാർ, ചെങ്കുളം പദ്ധതികളുടെ കാര്യത്തിലും മേൽപറഞ്ഞ മുൻകരുതൽ നടപടികൾ എല്ലാം എടുത്തിട്ടുണ്ട്. എങ്കിലും ഇതൊരു നവീകരണ മജ്ജോലിയായതിനാലും, പഴയ യന്ത്രങ്ങൾ അഴിച്ചു മാറ്റി പുതിയവ സ്ഥാപിക്കുമ്പോൾ പ്രതീക്ഷിക്കാത്ത ചില പ്രതിബന്ധങ്ങൾ ഉണ്ടായിയെന്നതിനാലും, ഇന്ത്യയിൽ നിന്നും വാങ്ങിക്കേണ്ടി വന്ന ചില സാധനങ്ങൾ സമയത്ത് ലഭ്യമാകാതെ വന്നതിനാലും ചെറിയ കാലതാമസം വന്നിട്ടുണ്ട്. എങ്കിലും ഈ പ്രതിബന്ധങ്ങളെല്ലാം പരിഹരിച്ച് പദ്ധതികൾ പൂർത്തിയാക്കിയിട്ടുണ്ട്.

പട്ടികജാതി-പട്ടിക വർഗ്ഗക്കാരായ അപേക്ഷകർക്ക് വൈദ്യുതി കണക്ഷൻ

14 [1102] ശ്രീ. ലൂഡി ലൂയിസ് :
„ വി. ഡി. സതീശൻ :
„ സി. പി. മുഹമ്മദ് :
പ്രൊഫ. കെ. വി. തോമസ് :
ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി പട്ടികവർഗ്ഗ കോളനികളിലും അവർ താമസിക്കുന്ന മറ്റ് സ്ഥലങ്ങളിലും വൈദ്യുതി നൽകുവാൻ ഗവൺമെന്റിന് പരിപാടിയുണ്ടോ ;

(ബി) ഇതിനുവേണ്ടി അടുത്ത ഒരു വർഷത്തിനുള്ളിൽ എന്ത് തുക ചെല വഴിക്കാനുദ്ദേശിക്കുന്നു ;

(സി) ഈ മന്ത്രിസഭ അധികാരത്തിൽ വന്നതിനുശേഷമുള്ള ആദ്യത്തെ നൂറ് ദിവസത്തിനുള്ളിൽ പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ എത്ര കോളനികളിൽ വൈദ്യുതി എത്തിച്ചു;

(ഡി) അവരുടെ എത്ര ഭവനങ്ങളിൽ പുതിയ കണക്ഷൻ നൽകി;

(ഇ) ഈ വിഭാഗത്തിൽപ്പെടുന്ന എത്ര അപേക്ഷകർക്ക് ഇനി കണക്ഷൻ നൽകാനുണ്ട് എന്ന് വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ആന്റ് (ബി) പട്ടികജാതി പട്ടികവർഗ്ഗ കോളനികളുടെ വൈദ്യുതീകരണത്തിനുവേണ്ടി സംസ്ഥാന വിദ്യുച്ഛക്തി ബോർഡ് 69 കോടി കോടി രൂപ ചെലവ് വരുന്ന ഒരു പദ്ധതി കേന്ദ്ര ഗവൺമെന്റിന്റെ അനുമതിക്കുവേണ്ടി സമർപ്പിച്ചിട്ടുണ്ട്. ഈ പദ്ധതിക്ക് അനുമതി ലഭിച്ചാൽ രണ്ടു കൊല്ലം കൊണ്ട് പൂർത്തീകരിക്കുവാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. അതനുസരിച്ച് ആദ്യവർഷം 35 കോടി രൂപ ചെലവാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. കൂടാതെ കേന്ദ്ര സഹായത്തോടെ അനർട്ട് നടപ്പിലാക്കി വരുന്ന ഗ്രാമീണ സൗരോർജ്ജ പരിപാടിയുടെ ഭാഗമായി വിദൂര സ്ഥലങ്ങളിലുള്ള 830 പട്ടികജാതി പട്ടികവർഗ്ഗ കോളനികൾക്ക് വൈദ്യുതി എത്തിക്കുന്നതിനും ലക്ഷ്യമിട്ടിട്ടുണ്ട്.

(സി) ആന്റ് (ഡി) ആദ്യത്തെ നൂറ് ദിവസത്തെ കർമ്മ പദ്ധതിയിൽ പട്ടികജാതി പട്ടികവർഗ്ഗ കോളനികളുടെ വൈദ്യുതീകരണം ഉൾപ്പെടുത്തിയിരുന്നില്ലെങ്കിലും ഈ വിഭാഗത്തിൽപ്പെട്ട 3930 ഭവനങ്ങളിൽ പുതിയ കണക്ഷൻ നൽകി.

(ഇ) 5963 അപേക്ഷകർക്ക് കണക്ഷൻ നൽകാനുണ്ട്.

ഒ. വൈ. ഇ. സി. അടച്ചിട്ടും വൈദ്യുതി കണക്ഷൻ ലഭിക്കാത്തവരുടെ മേഖല തിരിച്ചുള്ള കണക്ക്

15 [1103] ശ്രീ. ടി. പി. എം. സാഹിർ :
„ പി. കെ. കെ. ബാവ :
„ കളത്തിൽ അബ്ദുള്ള :
„ സി. മോയിൻ കുട്ടി :
„ ഇസ്ഹാക്ക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ. എസ്. ഇ. ബി. യിൽ ഒ. വൈ. ഇ. സി. അടച്ചശേഷം വിവിധ സ്ഥലങ്ങളിൽ കണക്ഷൻ ലഭിക്കാത്ത എത്ര അപേക്ഷകളുണ്ട് ;

(ബി) ഇക്കാര്യത്തിൽ മലബാർ മേഖലയിൽ എത്ര ;

(സി) തെക്കൻ മേഖലയിൽ എത്ര ;

(ഡി) ഇവ തമ്മിൽ വലിയ വ്യത്യാസമുണ്ടെങ്കിൽ അതിന് കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ) വെതർപ്രൂഫ്-3104, ഓവർ ഹെഡ്-3334.

(ബി) 4177.

(സി) 2261.

LIBRARY ARCHIVES Kerala Legislative Assembly